ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/1632/2025-DB1 തീയതി: 16-01-2025

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും എഞ്ചിനീയർമാർക്കും വേണ്ടി ഗവൺമെൻ്റ് പ്ലീഡർമാരുടെ സേവനം ലഭിക്കുന്നത് - സംബന്ധിച്ച്

സൂചന: 1. തദ്ദേശസ്വയംഭരണ (ഡി ബി) വകുപ്പിന്റെ 18.11.2024 തീയതിയിലെ DB2/716/2024-LSGD നമ്പർ കത്ത്

ത്രിതല പഞ്ചായത്തുകളിൽ കോടതി കേസുകളിൽ ഹാജരാകുന്നതിന് സ്റ്റാൻഡിംഗ് കൗൺസിലിൻ്റെ സേവനം ലഭ്യമാണ്. ചില കേസുകളിൽ എഞ്ചിനീയർമാർ കോടതി കേസുകളിൽ സഹായത്തിനായി സർക്കാർ പ്ലീഡർമാരെ നേരിട്ട് സമീപിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ എഞ്ചിനീയർമാർക്ക് വേണ്ടി ഹാജരായപ്പോൾ നേരിട്ട ചില ബുദ്ധിമുട്ടുകൾ സർക്കാർ പ്ലീഡർമാർ അറിയിക്കുകയും, നേരിട്ട് പ്ലീഡർമാരെ സമീപിക്കുന്നത് ഒഴിവാക്കണം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമ /ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളിൽ എഞ്ചിനീയർമാർക്ക് സർവീസ് സംബന്ധമായ കേസുകൾ ഒഴികെ മറ്റ് കേസുകളിൽ സർക്കാർ പ്ലീഡറുടെ സഹായം ആവശ്യമായ സാഹചര്യങ്ങളിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ചീഫ് എൻജിനിയർ ഓഫീസിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഈ ഓഫീസിൽ നിന്നുമുള്ള അഭ്യർത്ഥന പ്രകാരം ബഹു. അഡ്വക്കേറ്റ് ജനറലിന്റെ അനുമതിയോടു കൂടി മാത്രമേ സർക്കാർ പ്ലീഡർമാരുടെ സേവനം ലഭ്യമാകുകയുള്ളൂ.സർക്കാർ പ്ലീഡർമാരുടെ സേവനം തേടുന്ന ഉദ്യോഗസ്ഥർ അഡ്വക്കേറ്റ് ജനറൽ /ബന്ധപ്പെട്ട കേസുകളിൽ ഹാജരാകുവാൻ നിയോഗിക്കപ്പെട്ട പ്ലീഡർമാർക്ക് നൽകിയിട്ടുള്ള ഇൻസ്ട്രക്ഷനുകൾക്കും സത്യവാങ്മൂലത്തിനും വിരുദ്ധമായി ടി കേസുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,

Sandeep K G
CHIEF ENGINEER

പകർപ്പ് :
1. എക്സിക്യൂട്ടീവ് എൻജിനിയർ , എല്ലാ ജില്ലാ പഞ്ചായത്തുകളും.
2. സൂപ്രണ്ടിങ് എഞ്ചിനീയർ , എല്ലാ കോർപ്പറേഷനുകളും, ഉത്തര/ദക്ഷിണ മേഖല സർക്കിൾ ഓഫീസുകൾ

Signed by
Sandeep K G
Date: 16-01-2025 15:47:27